# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 785 24.07.2012 ൽ മറുപടിയ്ക്ക്

## <u>ബസ്സിന്റെ സർവ്വീസ് കാലാവധി</u>

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന നിയമപ്രകാരം ഒരു ബസ്സ് എത്ര കാലംവരെ സർവ്വീസ് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | എ) | ബസ്സുകൾ സ്റ്റേജ് കാരേജുകളായി ഉപയോഗിക്കാവുന്ന കാലാവധി രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 260 എ പ്രകാരം രജിസ്ട്രേഷൻ തീയതി മുതൽ 5 വർഷം കഴിഞ്ഞ സ്റ്റേജ് കാരേജുകൾ ഫാസ്റ്റ് പാസഞ്ചർ സർവ്വീസായും 3 വർഷം കഴിഞ്ഞവ സൂപ്പർ ഫാസ്റ്റ് സർവ്വീസായും 2 വർഷം കഴിഞ്ഞവ, ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് എന്നിവയായി ഓടിക്കുന്നതിന് അനുവദിക്കുവാൻ പാടില്ല. |
| (ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ശരാശരി എത്ര വർഷംവരെ സർവ്വീസ് നടത്താൻ ഉപയോഗിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ പരമാവധി 14 മുതൽ 15 വർഷം വരെ സർവ്വീസ് നടത്തുന്നതിനായി ഉപയോഗിക്കുന്നു. |
| (സി) കെ.എസ്.ആർ.ടി.സി.ക്ക് പഴക്കം ചെന്ന ബസ്സുകൾ റോഡിൽ നിന്നും പിൻവലിക്കേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസ്സുകൾ ; ഇവ എന്ന് പിൻവലിക്കുമെന്ന് വ്യക്തമാക്കുമോ ? | സി) | കെ.എസ്.ആർ.ടി.സി.ക്ക് നിലവിൽ 15 വർഷം പഴക്കമുള്ള ബസ്സുകൾ ഒന്നും തന്നെ പിൻവലിക്കേണ്ടതായിട്ടില്ല. 16.7.2012 ലെ കണക്ക് പ്രകാരം 14 വർഷത്തിനും 15 വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ള 233 ബസ്സുകളുണ്ട്. 15 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവ നിരത്തിൽ നിന്നും പിൻവലിക്കും. |

സെക്ഷൻ ഓഫീസർ